# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 70/2020 (വെള്ളിയാഴ്ച)** **തീയ്യതി:20.11.2020**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 21.11.2020 | 22.11.2020 | 23.11.2020 | 24.11.2020 | 25.11.2020 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 56 | 56 | 56 | 56 | 56 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 8 | 10 | 12 | 10 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 70 | 90 | 70 | 90 | 90 |
| മേഘവ്യാപ്തി (ഒക്ട) | 6 | 3 | 3 | 2 | 6 |

ജില്ലയിൽ വരും ദിവസങ്ങളിൽ താരതമ്യേന വരണ്ട കാലാവസ്ഥ പ്രതീക്ഷിക്കുന്നു. കൂടിയ താപനില 31 °C വരെയും കുറഞ്ഞ താപനില 26 °C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: ജില്ലയിൽ മഴയിൽ ലഭ്യതക്കുറവ് അനുഭവപ്പെടുന്നതിനാൽ വിളകളിൽ പുതയിടൽ മാർഗ്ഗങ്ങൾ അവലംബിക്കുക. സൂര്യപ്രകാശം നേരിട്ട് മണ്ണിൽ പതിക്കാത്ത വിധം ഓല, വൈക്കോൽ, തൊണ്ട് എന്നിവയുപയോഗിച്ചു മണ്ണിനെ പൊതിഞ്ഞു ജലസംരക്ഷണം ഉറപ്പുവരുത്തുക.

### കാർഷിക നിർദ്ദേശങ്ങൾ

| വിള | രോഗ കീടങ്ങൾ/ വിളപരിപാലനം | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | മുഞ്ഞ | നെൽപ്പാടങ്ങളിൽ മുഞ്ഞയുടെ ആക്രമണം കണ്ടുവരുന്നുണ്ട്. ആക്രമണം കുറയ്ക്കാനായി ഇടവിട്ട് വെള്ളം കയറ്റി ഇറക്കുക. ഒരു ഏക്കറിന് 75 കിലോഗ്രാം അറക്കപ്പൊടി, 3 ലിറ്റർ മണ്ണെണ്ണ അല്ലെങ്കിൽ എൻജിൻ ഓയിൽ എന്നിവയുടെ മിശ്രിതം പാടത്തു ഇട്ടുകൊടുക്കുക. അല്ലെങ്കിൽ ഒരു ഏക്കറിന് 60 കിലോഗ്രാം എന്ന കണക്കിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുക. രോഗം അധികരിക്കുന്ന സാഹചര്യത്തിൽ അസഫേറ്റ് എന്ന കീടനാശിനി ഒരു ലിറ്ററിന് 1.6 ഗ്രാം എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| | ബാക്റ്റീരിയൽ ഓലകരിച്ചിൽ | നെൽപ്പാടങ്ങളിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| വാഴ | സിഗട്ടോക്ക | വാഴയിലെ സിഗട്ടോക്ക രോഗത്തിനെതിരെ 20 ഗ്രാം സ്യൂഡോമൊണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ച് കൊടുക്കുക. രോഗം മൂർഛിക്കുന്ന അവസ്ഥയിൽ 1 ml പ്രൊപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| തെങ്ങ് | കടചീയൽ | തെങ്ങിൽ വരാൻ സാധ്യതയുള്ള കടചീയൽ രോഗത്തിന് മുൻകരുതലായി 50 ഗ്രാം ട്രൈക്കോഡെർമ തെങ്ങൊന്നിന് എന്ന കണക്കിൽ ജൈവ വളവുമായി ചേർത്ത് ചുവട്ടിൽ ഇട്ടുകൊടുക്കുക. എന്നാൽ ചെന്നീരൊലിപ്പ് ശ്രദ്ധയിൽപ്പെട്ടാൽ നീരൊലിക്കുന്ന ഭാഗം ചെത്തി വൃത്തിയാക്കി ട്രൈക്കോഡെർമ കുഴമ്പു രൂപത്തിലാക്കി തേച്ചുകൊടുക്കുക. |